മലയാളി വിഷൻ
MALAYALEE VISION

MUTHOOT GROUP
FLIGHT TICKETS



# വിയന്നയിൽ സംഘടിപ്പിച്ച ബഹുഭാഷ പ്രസംഗമത്സരത്തിൽ വീണ്ടും മലയാളി പെരുമ

Published: March 13, 2015

ജോബി ആന്റണി



വിയന്ന: ഓസ്ട്രിയയിലെ അസോസിയേഷൻ ഫോർ എകോണോമിക് ഇന്റഗ്രേഷൻ സംഘടിപ്പിച്ച ബഹുഭാഷ പ്രസംഗമത്സരത്തിൽ വിയന്നയിലെ സമീര പുതുപറമ്പിൽ ജേതാവായി. 'സാഗ്സ് മുൾട്ടി' (മൾട്ടി കൾച്ചറൽ എന്ന് സൂചിപ്പിക്കുന്നു) എന്ന പേരിൽ കുട്ടികൾക്ക് വേണ്ടി ഓസ്ട്രിയയിൽ സംഘടിപ്പിക്കുന്ന പ്രധാനപ്പെട്ട പ്രസംഗമത്സരമാണിത്.

ഓസ്ട്രിയൻ മാധ്യമങ്ങൾ ഏറെ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്യുന്ന കുട്ടികളുടെ ഒരു പ്രധാനപ്പെട്ട പരിപാടി കൂടിയാണിത്.

ഈ വർഷം വിവിധ വിഭാഗങ്ങളിൽ മത്സരിച്ച 537 കുട്ടികളിൽ 15 പേർക്കാണ് സമ്മാനം ലഭിച്ചത്. മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ച ഏക മലയാളി സാന്നിധ്യവുമാണ് 13 വയസുള്ള സമീര. മാർച്ച് 11ന് വിയന്നയിലെ നിയമസഭയിൽ നടന്ന ചടങ്ങിൽ ദേശീയോദ് ഗ്രഥത്തിനും വിദേശ കാര്യങ്ങൾക്കുമുള്ള മന്ത്രി സെബാസ്റ്റ്യൻ കുർത്സിൽ നിന്നും സമീര സമ്മാനം ഏറ്റുവാങ്ങി. മാതൃഭാഷയിലും അതേപോലെ രാജ്യത്തിന്റെ ഒന്നാം ഭാഷയായ ജർമനിലും ഒരേ പോലെ പ്രസംഗിച്ചാണ് സമീര വിജയം കരസ്ഥമാക്കിയത്.




ഓസ്ട്രിയയിലേയ്ക്ക് കുടിയേറിയവരുടെ രണ്ടാം തലമുറയിലെ കുട്ടികൾക്ക് വേണ്ടി സംഘടിപ്പിച്ച മത്സരത്തിൽ ജർമൻ ഭാഷയോടൊപ്പം കുട്ടികൾ അവരവരുടെ മാതൃഭാഷയും അനായാസമായി ഉപയോഗിക്കാൻ പ്രാവീണ്യമുള്ളവരാണോ എന്നതും, ദേശീയോദ്ഗ്രഥത്തിൽ പുതുതലമുറയുടെ പങ്കാളിത്തവും വിലയിരുത്തി. മൾട്ടിലിംഗ്വലിസത്തിന്റെ സാധ്യതകൾ കുട്ടികൾ സമർഥമായി പ്രയോജനപ്പെടുത്തുന്നതിന് 'സാഗ്സ് മുൾട്ടി' സംഘടിപ്പിക്കുന്ന മത്സരങ്ങൾ സഹായിക്കുമെന്ന് അസോസിയേഷൻ ഫോർ എകോണോമിക് ഇന്റഗ്രേഷൻ അറിയിച്ചു.

200ലോണ് ഇത്തരത്തിലുള്ള മത്സരം വിയന്നയിൽ ആരംഭിക്കുന്നത്. 2011 മുതൽ മലയാളി കുട്ടികളും ഈ മത്സരത്തിൽ വിജയികളായിട്ടുണ്ട്. തൊടുപുഴയിൽ നിന്നും ഏകദേശം 30 വർഷങ്ങൾക്ക് മുമ്പ് വിയന്നയിലേയ്ക്ക് കുടിയേറിയ പുതുപറമ്പിൽ സൈമൺ ആനീസ് ദമ്പതിമാരുടെ പുത്രിയാണ് സമീര.

Like 30 Tweet 0 +1 0 Share 9